പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 953 — 12.6.2013 ലെ മറുപടിയ്ക്ക്

## സീപ്ലെയിൻ സർവ്വീസ് ഉണ്ടാക്കിയേക്കാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് ആരംഭിക്കാനിരിക്കുന്ന സീപ്ലെയിൻ സർവ്വീസ് ഉണ്ടാക്കിയേക്കാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | എ) | പരിസ്ഥിതി ആഘാത പഠനം സംബന്ധിച്ച കേന്ദ്ര സർക്കാർ വിജ്ഞാപനം - 2006 ലെ ഷെഡ്യൂളുകൾ പ്രകാരമുള്ള പ്രവർത്തികളിൽ സീപ്ലെയിൻ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി പരിസ്ഥിതി ആഘാതപഠനം നടത്തിയിട്ടില്ല. കൂടാതെ കേരള സീപ്ലെയിൻ പദ്ധതി പ്രാവർത്തികമാക്കുന്നതിന് മുന്നോടിയായി കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻ ഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് തയ്യാറാക്കിയ ഡി.പി.ആർ വിവിധ വകുപ്പുകൾക്ക് സമർപ്പിക്കുകയും എൻ.ഒ.സി. അഭ്യർത്ഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥിരമോ അർദ്ധസ്ഥിരമോ ആയ നിർമ്മാണങ്ങൾ ഇല്ലാത്തവയിൽ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം പരിസ്ഥിതി ആഘാത പഠനത്തിന്റെ ആവശ്യകതയില്ല എന്ന് സംസ്ഥാന പരിസ്ഥിതി വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത റിപ്പോർട്ട് പ്രകാരം സീപ്ലെയിനുകളുടെ അറ്റ കുറ്റപ്പണികൾ, ഇന്ധനം നിറയ്ക്കൽ മുതലായവ വിമാനത്താവളങ്ങളിൽ വച്ച് നടത്തുന്നതിനാൽ ഇവ മൂലമുള്ള ജലമലിനീകരണം നടക്കുന്നില്ല. ഇവ ജലാശയത്തിൽ ഉണ്ടാക്കുന്ന ഓളങ്ങൾ കേരളത്തിൽ സർവ്വ സാധാരണമായി ഉപയോഗിക്കപ്പെടുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾ, സ്പീഡ് ബോട്ടുകൾ എന്നിവ വഴി ഉണ്ടാകുന്നവയേക്കാൾ താരതമ്യേന കുറവാണ്. കൂടാതെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്താത്തതിനാൽ ഇവയും പരിസ്ഥിതിയെ ബാധിക്കുന്നില്ല. ടോയിലറ്റ്, ഭക്ഷണ സൗകര്യം എന്നിവ ഇല്ലാത്തതിനാൽ ഒരു തരത്തിലുള്ള മാലിന്യങ്ങളും സീപ്ലെയിനുകളിൽ നിന്നും ജലത്തിലേക്ക് പുറന്തള്ളപ്പെടുന്നില്ല. |

ബി) വലിയ തോതിൽ ജലമലിനീകരണം ഉണ്ടാക്കുന്നതും മത്സ്യബന്ധനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നതുമായ പ്രസ്തുത പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുമോ?

ബി) മേൽപ്പറഞ്ഞ രീതിയിൽ പരിസ്ഥിതിക്ക് ഒരു കോട്ടവും തട്ടാത്ത തരത്തിൽ വിഭാവനം ചെയ്തതും പദ്ധതി നടത്തിപ്പിനായി കിട്ടേണ്ട പരിസ്ഥിതി വകുപ്പിന്റേതുൾപ്പടെയുള്ള എല്ലാ അനുമതികളും ലഭിച്ചതുമായ പദ്ധതിയാണ് സീപ്ലെയിൻ പദ്ധതി. ജലാശയങ്ങളിലെ മത്സ്യബന്ധനവും വലകളും ഇല്ലാത്ത ഒരു ചെറിയ പ്രദേശം മാത്രമാണ് പദ്ധതിക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയുടെ നിർവ്വഹണത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ടൂറിസം സെക്രട്ടറി കൺവീനറും മറ്റ് വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളും ആയി 04.10.2012 ലെ ജി.ഒ.(ആർ.ടി) നം.8297/2012/ടി.എസ്.എം നം. ഉത്തരവ് പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാനപ്രകാരം പദ്ധതി സംബന്ധിച്ച് ഫിഷറീസ് വകുപ്പ് ഉൾപ്പടെയുള്ള 11ൽ പരം സർക്കാർ വകുപ്പുകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും മേഖലകളെ ബാധിക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ അതാതു മേഖലയിലെ തൊഴിലാളികൾ ഉൾപ്പടെയുള്ളവരുടെ ആശങ്കകൾ അകറ്റിക്കൊണ്ടായിരിക്കും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.

സെക്ഷൻ ഓഫീസർ